## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2337 9.3.2018-ൽ മറുപടിയ്ക്ക്

# കോഴിയിറച്ചിയുടെയും ഇറച്ചിക്കോഴി ഉൽപന്നങ്ങളുടെയും ഇറക്കുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | അമേരിക്കയിൽ നിന്ന് കോഴിയിറച്ചിയും ഇറച്ചിക്കോഴി ഉൽപന്നങ്ങളും ഇറക്കുമതി ചെയ്യാൻ കേന്ദ്ര മൃഗസംരക്ഷണ മത്സ്യ വകുപ്പ് അനുമതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ. | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിയുടെ വില സംസ്ഥാനത്തെ കമ്പോള വിലയേക്കാൾ വളരെ താഴ്ന്ന നിരക്കിലാണെങ്കിൽ കേരളത്തിലെ ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിടകർഷകരെ പ്രതികൂലമായി ബാധിക്കുന്നതാണ് |
| ബി) | എങ്കിൽ ഇത് കേരളത്തെ പ്രതികൂലമായി എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| സി) | കുറഞ്ഞ ചെലവിൽ കോഴിയിറച്ചി ലഭ്യമാക്കുകയാണ് കേന്ദ്രലക്ഷ്യമെങ്കിലും ആഭ്യന്തര ഉൽപ്പാദകരെ ഇത് ബാധിക്കുമെന്ന കാര്യം സർക്കാർ ചിന്തിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സി) | ഇത് ഇന്ത്യയൊട്ടാകെയുള്ള കോഴിവളർത്തൽ കർഷകരെ ബാധിക്കുന്നതാണ്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ ഇറക്കുമതി ചെയ്യു കോഴിയിറച്ചിയ്ക്ക് ഉയർന്ന നികുതി ഏർപ്പെടുത്തി തദ്ദേശീയരായ കർഷകരെ സഹായിക്കേണ്ടിവരും. |
| ഡി) | കുടുംബശ്രീ വഴി ഇറച്ചിക്കോഴി ഉൽപാദിപ്പിച്ച് സ്വയം പര്യാപ്തമാകാൻ സംസ്ഥാന സർക്കാർ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; | ഡി) | ഉണ്ട്.കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനത്തിലും വിപണനത്തിലും വിലനിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ, കെപ്കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചി കോഴിവളർത്തൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ കിലോഗ്രാം ശരീരതൂക്കത്തിന് 85/- രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം |

| | | | |
|---|---|---|---|
| | | | നടത്തുവാനാണ് ധാരണയായിട്ടുള്ളത്. തിരുവനന്തപുരം കൊല്ലം ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ വീതം ആകെ 20 യൂണിറ്റുകൾ പൈലറ്റ് പ്രോജക്ടായി നിലവിൽ നടപ്പിലാക്കിവരുന്നു. ഘട്ടംഘട്ടമായി വരുന്ന 4 വർഷങ്ങളിൽ മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനം ഒട്ടാകെ ആരംഭിയ്ക്കാനാണ് ലക്ഷ്യമിടുന്നത്. |
| ഇ) | എങ്കിൽ കേന്ദ്രത്തിന്റെ പുതിയ നയം പദ്ധതിയെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | ഇ) | ഗുണമേന്മയിൽ ഊന്നിയുള്ള കേരള ചിക്കന്റെ വിപണനതന്ത്രം വഴി വിപണിയിൽ പൊരുതിനിൽക്കുവാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ